**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2101** **11-10-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ മെഡിക്കൽ കോളേജുകളെയും എയിംസ് നിലവാരത്തിലേക്കുയർത്തി തൃതീയ തലത്തിൽ അതിവിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കിഫ്ബി സഹായത്തോടെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി പ്രവർത്തനം നടന്നുവരുന്നുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം ഉയർത്തുന്നതിനായി ഔട്ട്പേഷ്യന്റ് സേവനങ്ങൾ രോഗീ സൗഹൃദമാക്കി രൂപാന്തരപ്പെടുത്താനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; | (സി) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം ഉയർത്തുന്നതിനായി ഔട്ട്പേഷ്യന്റ് സേവനങ്ങൾ രോഗീ സൗഹൃദമാക്കി രൂപാന്തരപ്പെടുത്താനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് രോഗീ സൗഹൃദമാക്കി മാറ്റുന്നതിനായി ഒ.പി കൗണ്ടറും, രജിസ്ട്രേഷൻ, വെയിറ്റിംഗ് ഏര്യയും നിർമ്മിക്കുന്നതിന് വേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. കോന്നി, വയനാട്, കാസർഗോഡ്: സർക്കാർ മെഡിക്കൽ കോളേജുകൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | രോഗ നിർണയത്തിനും പരിശോധനക്കും ചികിത്സക്കും ആവശ്യമായ നൂതനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിന് യോഗ്യതയുള്ളവരെ നിയമിക്കുന്നതിനും നടപടിയെടുത്തുവരുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | മെഡിക്കൽ കോളേജുകളിൽ നൂതനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും, അവ കൈകാര്യം ചെയ്യുന്നതിനും യോഗ്യതയുള്ളവരെ നിയമിച്ചും മറ്റ് ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെ വികസനത്തിനും നിലവാരം ഉയർത്തുന്നതിനുമായിസ്വീകരിച്ചിട്ടുള്ള മറ്റുപ്രവത്തനങ്ങൾ**

**കിഫ്ബി വഴി നടപ്പാക്കി വരുന്ന പദ്ധതികൾ**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കിഫ്ബി മുഖേന താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

1. **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി KIIFB പ്ലാനിൽ ഉൾപ്പെടുത്തി GO(Rt) no.1247/2018/H&FWD, dated. 16/04/2018 പ്രകാരം 7,17,29,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽത്തന്നെ 18.6 കോടിയുടെ ഭരണാനുമതി നൽകിയ മേൽപ്പാലത്തിന്റെയും റോഡിന്റെയും നിർമ്മാണം 17/05/2019-ൽ ആരംഭിച്ചു. നിലവിൽ റോഡ് വർക്കുകൾ 88% മേൽപ്പാലം പണികൾ 45 % പൂർത്തീകരിച്ചിട്ടുണ്ട്. INKEL മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 25.24 കോടി രൂപയുടെ ഭരണാനുമതി നൽകിയ മൾട്ടി ലെവൽ കാർ പാർക്കിംഗ് പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതേയുള്ളൂ. കിഫ്ബി പദ്ധതിയുടെ രണ്ടാം ഘട്ടമായ MLT,OT, SAT ബ്ലോക്കുകളുടെ നിർമ്മാണത്തിന് 194.329 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതി രൂപരേഖ കൺസൽട്ടന്റായ INKEL സമർപ്പിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല.

2. **കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്**

കോട്ടയം മെഡിക്കൽ കോളേജിന്റെ വികസന പദ്ധതികളുടെ ഭാഗമായി പുതുതായി സർജിക്കൽ ബ്ലോക്കും, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും പണിയുന്നതിന് G.O (Rt) No.2752/18/H&FWD Dt:06/09/2018 പ്രകാരം 564 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 03.12.2020-ൽ ആരംഭിച്ച സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണം നിലവിൽ 10.3 % പൂർത്തീകരിച്ചിട്ടുണ്ട് . കോട്ടയം മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതികളുടെ കൺസൽട്ടന്റ് HITES ആണ്.സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനായി കണ്ടെത്തിയ സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലാതിരുന്നതിനാൽ പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

3. **എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതികൾക്കായി GO(Rt) no.139/2017/H&FWD, dated. 18/01/2017 പ്രകാരം 3,68,74,61,142/- കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മാതൃ ശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ INKEL വഴി നടപ്പിലാക്കി വരുന്നു. 19.09.2018-ൽ ആരംഭിച്ച പുതിയ ആശുപത്രികെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ 68% പൂർത്തീകരിച്ചിട്ടുണ്ട്.

4. **തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ്**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി GO(Rt) no.3774/2018/H&FWD, dated. 22/12/2018 ഉത്തരവ് പ്രകാരം 285.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതികളുടെ കൺസൽട്ടന്റായി HITES-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ വിശദമായ പദ്ധതി രൂപരേഖ HITES തയ്യാറാക്കി വരുന്നു. കിഫ്ബി

പദ്ധതിയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്തിട്ടുള്ള മദർ & ചൈൽഡ് ബ്ലോക്ക് നിർമ്മാണത്തിന് 277.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ HITES തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

5. **കോന്നി സർക്കാർ മെഡിക്കൽ കോളേജ്**

കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി 351.72 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രിയുടെ രണ്ടാം കെട്ടിടം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, പാർപ്പിട സൗകര്യങ്ങൾ, ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണത്തിനായി 218.399 കോടി രൂപയുടെ കിഫ്ബി സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. HITES വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിർമ്മാണ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

6. **കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്**

സ.ഉ (അച്ചടി) നം.7/2021/ആ.കു.വ തീ:20/01/2021 പ്രകാരം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾക്ക് 187.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല HITES-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പദ്ധതി പ്രാരംഭ ദിശയിലാണ്

7. **കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്**

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങളിൽ ട്രോമ കെയർ യൂണിറ്റിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് 57.69 കോടി രൂപയുടെയും, ട്രോമ കെയർ യൂണിറ്റിന്റെ തന്നെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് 37.48 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതികൾ WAPCOS മുഖേനയാണ് നടപ്പിലാക്കുന്നത്.ട്രോമ കെയർ യൂണിറ്റിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് 51.297 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിലെ മെയിൻറ്റനൻസ് പ്രവർത്തനങ്ങൾക്കായി 29.78 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രോമ കെയർ, മെയിൻറ്റനൻസ് പ്രവർത്തനങ്ങൾ എന്നിവ ആരംഭിച്ചിട്ടില്ല.

8. **കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ്**

സ.ഉ(സാ. ധാ) നം. 1689/2021/ആ.കു.വ.തി തീയതി: 06.08.2021 പ്രകാരം കാസർഗോഡ് മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 160.23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മുഖേനെയാണ് പദ്ധതി നടപ്പാക്കുന്നത്. M/s. KITCO മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**<u>മെഡിക്കൽ കോളേജുകളെ തൃതീയ കാൻസർ ചികിത്സ കേന്ദ്രങ്ങൾ ആകാനുള്ള നടപടികൾ</u>**

- തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേക്ക് 4 കോടി വീതം ചെലവഴിച്ച് സിറ്റി സ്റ്റിമുലേറ്റർ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും കോട്ടയം മെഡിക്കൽ കോളേജിൽ സി.റ്റി സ്റ്റിമുലേറ്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയും തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയുമാണ്.
- കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുകയും ഇത് പ്രവർത്തിപ്പിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുകയുമാണ്.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ലീനിയർ ആക്സിലേറ്റർ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

- ഇവിടെ തൃതീയ കാൻസർ ചികിത്സ കേന്ദ്രം പുതിയ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. HDS ഫണ്ട് ഉപോയോഗിച്ച PET സ്കാൻ പ്രവത്തനം തുടങ്ങാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.
- ആലപ്പുഴ മെഡിക്കൽ കോളേജിലും ലീനിയർ ആക്സിലേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ബ്രാക്കി തെറാപ്പി ഉപകരണം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. 12 കോടി രൂപ ചെലവിൽ എം.ആർ.ഐ സ്കാനർ, സി.ടി സ്റ്റിമുലേറ്റർ എന്നിവ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്
- തിരുവനന്തപുരം മെഡിക്കൽ കോളേജിലെയും, തൃശ്ശൂർ മെഡിക്കൽ കോളേജിലെയും ക്യാൻസർ വിഭാഗങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയ ലീനിയർ ആക്സിലേറ്റർ, സി.ടി സ്റ്റിമുലേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് വേണ്ട കെട്ടിടങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇതിലേക്ക് വേണ്ട മറ്റു ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ SPECT scan മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.
- താമസിയാതെ തന്നെ എല്ലാ മെഡിക്കൽ കോളേജുകളിലും ഈ മെഷീനുകൾ ഉപയോഗിച്ചുള്ള ക്യാൻസർ ചികിത്സ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു
- കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിത്സ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കും വിധം മെഡിക്കൽകോളേജുകളിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേക്കായി 105 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

**കാർഡിയോളജി വിഭാഗങ്ങളുടെ നവീകരണം**

മെഡിക്കൽ കോളേജുകളുടെ കാർഡിയോളജി വിഭാഗങ്ങൾ കൂടുതൽ കാര്യ ക്ഷേമമാകാൻ വേണ്ടി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ച വരുന്നുണ്ട്

- തിരുവനന്തപുരം എസ് എ ടി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗം പ്രവർത്തനം ആരംഭിക്കുകയും അവിടെ 6 കോടി രൂപ ഉപയോഗിച്ച് ഒരു പീഡിയാട്രിക് കാത്ത് ലാബ് സ്ഥാപിക്കുകയും 5 ഡോക്ടർമാരുടെ പുതിയ തസ്തികകളും മറ്റ് 14 തസ്തികകളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത് ലാബ് ( ഹാർട്ട് ഫണ്ടേഷന്റെ ഫണ്ട് ഉപയോഗിച്ച ) പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.
- തൃശ്ശൂർ മെഡിക്കൽ കോളേജിലേക്കു ഈ വകുപ്പിനുള്ള ഫാക്കൽറ്റി തസ്തികകൾ ഉൾപ്പെടെ 14 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പിജി കോഴ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെയും കാത് ലാബ് സ്ഥാപിച്ചു പ്രവർത്തനസജ്ജമാകുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിൽ പുതിയതായി ആരംഭിച്ച കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി ഡിപ്പാർട്മെന്റ് നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്
- എറണാകുളം മെഡിക്കൽ കോളേജിൽ കാത് ലാബ് സ്ഥാപിക്കുകയും വേണ്ട തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട് .
- കൊല്ലം മെഡിക്കൽകോളേജിലും പുതിയ കാത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി രണ്ടു കാർഡിയോളോജിസ്റ്റിന്റെ സേവനം ലഭ്യമാക്കി ഒപി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്
- മഞ്ചേരി മെഡിക്കൽ കോളേജിലും കാത് ലാബ് പ്രവത്തന സജ്ജമായിട്ടുണ്ട്

## മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി സർക്കാർ വിപുലമായ പദ്ധതികൾ നടത്തിവരുന്നുണ്ട് .

- തിരുവന്തപുരം മെഡിക്കൽ കോളേജിന്റെ ഭാഗമായ എസ് എ ടി ആശുപത്രിയിൽ **NHM** ഫണ്ട് ഉപയോഗിച്ച നിർമ്മിക്കുന്ന മദർ &ചൈൽഡ് ബ്ലോക്ക് അന്തിമ ഘട്ടത്തിൽ ആണ്. **50** കോടിയോളം രൂപ ഇതിലേക്കായി മുടക്കിയിട്ടുണ്ട്. കൂടാതെ എസ് എ ടി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി, പീഡിട്രിക് നെഫ്രോളജി, പീഡിയാട്രിക് ഗ്യാസ്ട്രോഎന്ററോളജി എന്നീ വിഭാഗങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അവിടെ **6** കോടി രൂപ ഉപയോഗിച്ച് ഒരു പീഡിയാട്രിക് കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടുത്തെ നിയോനാറ്റോളജി വിഭാഗത്തിൽ പിജി കോഴ്സും ആരംഭിച്ചിട്ടുണ്ട്.
- കൊല്ലം മെഡിക്കൽ ആധുനിക രീതിയിൽ ലേബർ റൂമും ഓപ്പറേഷൻ തീയേറ്ററും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ കിഫ്ബി പ്രോജെക്ടിൽ ഉൾപ്പെടുത്തി എം&സി ബ്ലോക്ക് പണികഴിപ്പിച്ച് വരികയാണ് .
- മറ്റെല്ലാ മെഡിക്കൽ കോളേജുകളിലും **NHM** ഫണ്ട് ഉപയോഗിച്ച ലക്ഷ്യ സ്റ്റാൻഡേർഡിന് അനുസരിച്ച പ്രസവമുറികളും വാർഡുകളും നവീകരിച്ചു വരുന്നു .

## മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ

- കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി മൂന്ന് മെഡിക്കൽ കോളേജുകളിൽ ട്രോമ കെയർ സംവിധാനം നടപ്പിലാക്കി വരുന്നു.
- കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിനെ ലെവൽ -1 ട്രോമ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. . പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്ര വിഹിതമായി 504 ലക്ഷം രൂപയും, സംസ്ഥാന വിഹിതമായി 336 ലക്ഷം രൂപയും നൽകുകയുണ്ടായി.
- ആലപ്പുഴ സർക്കാർ മെഡിക്കൽ കോളജിനെ ലെവൽ -2 ട്രോമ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരംനൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്ര വിഹിതമായി 367.5 ലക്ഷം രൂപയും, സംസ്ഥാന വിഹിതമായി 71 ലക്ഷം രൂപയും നൽകുകയുണ്ടായി. ടി മെഡിക്കൽ കോളേജിൽ ട്രോമ കെയർ സംവിധാനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തീകരിച്ചു
- കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജിൽ സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച ആധുനിക രീതിയിലുള്ള Trauma care Block പ്രവർത്തന സജ്ജമായിട്ടുണ്ട്.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമ കെയർ പദ്ധതിയുടെ ഭാഗമായി കേന്ദ്രവിഹിതമായി 4.5 കോടി രൂപയും സംസ്ഥാന വിഹിതമായി 3 കോടി രൂപയും, ചേർത്ത് ആകെ 7.5 കോടി രൂപ നൽകുകയുണ്ടായി. ഇതിൽ 2.5 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സമഗ്ര ട്രോമ കെയർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അത്യാഹിത വിഭാഗത്തിൽ എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിലേക്കായി സാധന സാമഗ്രികൾ വാങ്ങിച്ചുകഴിഞ്ഞു. സിവിൽ ജോലികളുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ്.
- കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സമഗ്ര ട്രോമ കെയർ പദ്ധതി 2018 ഓഗസ്റ്റ് 1-ന് പ്രവർത്തനം ആരംഭിച്ചു. ട്രയാജ് സിസ്റ്റം നിലവിൽ വന്നു. റെഡ്, യെല്ലോ, ഗ്രീൻ സോൺസ്

എന്നിങ്ങനെ രോഗത്തിന്റെ . കാഠിന്യം അനുസരിച്ച് തരം തിരിച്ചാണ് രോഗികളെ ഓരോ ഏരിയയിലേക്കും കൺസൽട്ടേഷനുവേണ്ടി വിടുന്നത്. സ്പെഷ്യാലിറ്റികളായ ഒഫ്ത്താൽമോളജി, OMFS, ENT എന്നീ ഡിപ്പാർട്ട്മെന്റുകൾ അത്യാഹിത വിഭാഗത്തിൽത്തന്നെയുണ്ട്. ലാബ് സൗകര്യങ്ങളായ TROP- T, ABG എന്നിവ നിലവിലുണ്ട്. പുതിയ ഓക്സിജൻ പ്ലാന്റ് പ്രവർത്തനസജ്ജമാണ്.

- തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമ കെയർ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇതിനാവശ്യമായ ഉപകരണങ്ങൾ എല്ലാം തന്നെ മുൻകൂറായി സജ്ജീകരിച്ചിട്ടുണ്ട്.
- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് 65 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 35 ലക്ഷം രൂപയുടെ പുതിയ ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്.
- കണ്ണൂർ മെഡിക്കൽ കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി Emergency and trauma care കെട്ടിടത്തിന്റെ നിർമാണ പ്രവർത്തങ്ങൾ ആരംഭിച്ചിട്ടുണ്ട്

**അപ്പെക്സ് ട്രോമ & എമെർജസി ലേർണിംഗ് സെന്റർ, തിരുവനന്തപുരം**

- കേരളത്തിലുടനീളം ട്രോമ, എമർജൻസി കെയർ സൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള സർക്കാർ കർമപദ്ധതിയുടെ ഭാഗമായി കേരള സർക്കാരും ടാറ്റ ട്രസ്റ്റും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ നടപ്പാക്കുന്ന പദ്ധതിയാണ് അപെക്സ് സിമുലേഷൻ ട്രെയിനിംഗ് സെന്റർ ഫോർ എമർജൻസി & ട്രോമകെയർ എന്ന സ്ഥാപനം. ആരോഗ്യ മേഖലയിൽ ഗുണമേന്മയുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിനായാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഈ പരിശീലന കേന്ദ്രം ആരംഭിച്ചിട്ടുള്ളത്. വിവിധ വിഭാഗത്തിലുള്ള ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിന് നിയതമായ പാഠ്യപദ്ധതി തയ്യാറാക്കി ആയതിൽ പരിശീലനം നൽകുകയും, ഇക്കാര്യങ്ങളിൽ ആരോഗ്യപ്രവർത്തകരുടെ വൈദഗ്ധ്യം നിലനിർത്തുന്നതിനാവശ്യമായ തുടർ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുക എന്നതാണ് അപെക്സ് ട്രോമ കെയർ ട്രെയിനിംഗ് സെന്റർ എന്ന സ്ഥാപനത്തിന്റെ ലക്ഷ്യം. ട്രെയിനിംഗ് പ്രോഗ്രാമുകൾ തടസം കൂടാതെ നടത്തുന്നതിനായി അപെക്സ് ട്രോമ കെയർ ട്രെയിനിംഗ് സെൻററിനായി മൂന്ന് കോടി രൂപ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്.

**മോളിക്കുലാർ ഡയഗ്നോസ്റ്റിക് സൌകര്യങ്ങൾവിപുലപ്പെടുത്തൽ**

മോളിക്കുലാർ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും വിപുലപെടുത്തിയിട്ടുണ്ട്. RTPCR മെഷീൻ ഉൾപ്പടെ വിവിധ മെഷീനുകൾ എല്ലാ മെഡിക്കൽ കോളേജ് ലാബുകളിലും സ്ഥാപിച്ചു കഴിഞ്ഞു . ഈ മെഷീനുകൾ ഉപയോഗിച്ചു എല്ലാവിധ ടെസ്റ്റുകളും മെഡിക്കൽ കോളേജുകളിൽ നടത്തിവരുന്നു.

**വൈറൽ ഡയഗ്നോസ്റ്റിക് ഗവേഷണ ലാബ്**

കേന്ദ്ര പദ്ധതി പ്രകാരം നടപ്പിലാക്കിയ വൈറൽ രോഗ നിർണ്ണയ പരീക്ഷണശാല തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ Medical college level പദ്ധതിക്കുള്ള ധനസഹായം നൽകിയിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ state level VDRL ന് ഫണ്ട് നൽകിയിട്ടുണ്ട്. എന്നാൽ ഇത് ഇപ്പോൾ Regional level VDRL ആക്കി മാറ്റാൻ BSL III Lab തുടങ്ങാൻ

വേണ്ടി ധനസഹായം നല്കാമെന്ന് കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്യുകയും ഇതിനായി 6.09 കോടി രൂപ (3.89+2.20) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഇമേജിങ് സംവിധാനങ്ങൾ ശക്തിപെടുത്താൽ**

ആധുനിക രോഗനിർണയത്തിന് പ്രധാന പങ്ക് വഹിക്കുന്ന വിഭാഗമാണ് മെഡിക്കൽ കോളേജുകളുടെ റേഡിയോ ഡയഗ്നോസിസ് വിഭാഗം. ഇതിന്റെ വികസനത്തിനായി പ്രത്യേക ഹെഡ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട് .

- മികച്ച ചികിത്സ ഉറപ്പുവരുത്തുന്നതിന് കോഴിക്കോട്,തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ Interventional Radiology Department പൂർണ തോതിൽ പ്രവത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ മെഡിക്കൽ കോളേജിലും അമ്പതു ലക്ഷത്തോളം രൂപ ഇതിനായി ചിലവഴിച്ചിട്ടുണ്ട്
- ആധുനിക സൗകര്യങ്ങളോട്ടു കൂടി എം ആർ ഐ സ്കാൻ, സി ടി സ്കാൻ, കോർഡി സൗകര്യങ്ങളോട്ടു കൂടിയ അൾട്രാ സൗണ്ട് മെഷീനുകൾ എന്നിവ പഴയ മെഡിക്കൽ കോളേജുകളിൽ പ്രവൃത്തിക്കുന്നുണ്ട് .
- കൊല്ലം, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ സി ടി സ്കാൻ, കോർഡി സൗകര്യങ്ങളോട്ടു കൂടിയ അൾട്രാ സൗണ്ട് മെഷീനുകൾ മാമ്മോഗ്രാഫ് എന്നി ആധുനിക സംവിധാനങ്ങൾ തുടങ്ങി കഴിഞ്ഞു

ഇടുക്കി മെഡിക്കൽ കോളേജിൽ പുതിയ സി ടി സ്കാനർ പ്രവർത്തനം ആരംഭിച്ചു.

സെക്ഷൻ ഓഫീസർ